# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5023 — 04/07/2012-ൽ മറുപടിയ്ക്ക്

### വിദേശത്ത് പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. കെ. ബാലൻ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) വിദേശ രാജ്യങ്ങളിലേക്ക് പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇതിനായി എന്തെല്ലാം രേഖകളാണ് ഹാജാരാക്കേണ്ടത് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടേയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കുമോ; | (എ) ആഭ്യന്തര വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ. കെ. രാജസേനൻ നായരെയും അഡീഷണൽ സെക്രട്ടറി ശ്രീമതി. പി.നാൻസി ജോസഫിനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സർട്ടിഫിക്കറ്റ് ഉടമസ്ഥന്റെയും അപേക്ഷകന്റെയും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുടെ പകർപ്പ്, സാക്ഷ്യപ്പെടുത്തി നൽകേണ്ടുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്, എന്നിവ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>11.07.2011 ലെ 2044/2011/ആഭ്യന്തര നമ്പർ ഉത്തരവിന്റെയും 10.05.2012- ലെ 1404/12/ആഭ്യന്തര നമ്പർ ഉത്തരവിന്റെയും പകർപ്പ് അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ആഭ്യന്തര സെക്രട്ടറി സാക്ഷ്യ പ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾ ഏതെല്ലാമാണ്; ഇതിനായി ഹാജാരാക്കേണ്ട രേഖകളെന്തല്ലാമാണ്; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ആഭ്യന്തര സെക്രട്ടറി രേഖകളൊന്നും സാക്ഷ്യപ്പെടുത്തി നൽകുന്നില്ല. വിശദാംശങ്ങൾ അനുബന്ധം 4 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | സർട്ടിഫിക്കറ്റുകൾ ആഭ്യന്തര വകുപ്പിൽ ഹാജാരാക്കുന്നതിന് ഏജന്റുമാരെ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ചും ഇല്ലെങ്കിൽ അത് സംബന്ധിച്ചും പുറപ്പെടുവിച്ചിട്ടുളള ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഉണ്ട്. 16.02.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 454/2012/ആഭ്യന്തരം നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 3 ആയി ഉളളടക്കം ചെയ്തിരിക്കുന്നു. |
| (ഡി) | ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകൾ എത്ര ദിവസത്തിനകം സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുളളത്; ഇത് സംബന്ധിച്ച ഉത്തരവിന്റേയോ സർക്കുലറിന്റേയോ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളിൽ അന്വേഷണം ആവശ്യമില്ലാത്തവ സാക്ഷ്യപ്പെടുത്തി അതാത് ദിവസം തന്നെ 3 മണിയ്ക്ക് ശേഷം വിതരണം ചെയ്യുന്നു. 23.09.2011- ലെ 71684/എ.റ്റി.റ്റി/11/ആഭ്യന്തരം നമ്പർ സർക്കുലറിന്റെ പകർപ്പ് അനുബന്ധം 4 ആയി ഉളളടക്കം ചെയ്തിരിക്കുന്നു. |

Vidain PR
സെക്ഷൻ ഓഫീസർ.

**GOVERNMENT OF KERALA**
**Abstract**

Home Department – Attestation of Certificates/Documents for use abroad – Sri. K. Rajasenan Nair, Under Secretary to Government, Home Department – Authorized for attestation – Orders issued.

---

**HOME (ATTESTATION) DEPARTMENT**

G.O.(Rt)No.2044/2011/Home. Dated, Thiruvananthapuram,11/07/2011.

---

Read:- 1. G.O.(Rt) No.5116/2011/GAD dated, 06/07/2011.

**ORDER**

As per the Government Order read above, Sri. K. Rajasenan Nair, Section Officer has been promoted as Under Secretary and posted in the Home (Attestation) Department vice Sri. D. Harikumar transferred.

In the circumstances, Sri. K. Rajasenan Nair, Under Secretary to Government, Home Department is authorized to attest documents/ certificates for use abroad and also to attest the signature of Ministry of Human Resource Development Officials in Educational Certificates to be sent to UAE Consulate, Mumbai in place of Sri. D. Harikumar, Under Secretary to Government, transferred.

By Order of the Governor,

K. JAYAKUMAR,
Additional Chief Secretary to Government.

To

Sri. K. Rajasenan Nair, Under Secretary, Home Department.
The Secretary to Government of India, Ministry of External Affairs (With C/L)
The Secretary to Government of India, Ministry of Home Affairs (With C/L).
The Secretary to Government of India, Ministry of External Affairs, CPV Division, Patiala House, New Delhi. (With C/L)
The Additional Director General of Police (Intelligence).
The Director of Public Relations.
The NORKA Department.
SF/OC.

Forwarded/By Order,

Section Officer

5023

ഉത്തരവ് നമ്പർ: 2

# GOVERNMENT OF KERALA

## Abstract

Home Department – Attestation of Certificates/Documents for use abroad – Smt. P. Nancy Joseph, Additional Secretary to Government, Home Department – Authorized for attestation – Orders issued.

---

**HOME (ATTESTATION) DEPARTMENT**

G.O.(Rt)No.1404/2012/Home. Dated, Thiruvananthapuram,10/05/2012

---

Read:- G.O.(Rt) No.1910 /2011/Home dated, 27.06.2011

## ORDER

As per the Government Order read above, Sri. S. Sanal Kumar, Special Secretary to Government, Home Department was authorised to attest documents/certificates for use abroad and also to attest the signatures of MHRD officials in the Educational Certificates to be sent to UAE Consulate, Mumbai.

Since Sri. S. Sanal Kumar, Spl.Secretary is due to retire from service w.e.f the A.N. of 31.05.2012, Smt. P. Nancy Joseph, Additional Secretary to Government, Home Department is authorised to attest certificates/documents for use abroad and also to attest the signatures of MHRD Officials in the Educational Certificates to be sent to UAE Consulate, Mumbai with immediate effect.

By Order of the Governor,

**SAJEN PETER**

Principal Secretary to Government

To

Sri. S. Sanal Kumar, Special Secretary to Government, Home Department

Smt. P. Nancy Joseph, Additional Secretary to Government,
Home Department

The Secretary to Government of India, Ministry of Home Affairs
New Delhi. (With C/L).

The Secretary to Government of India, Ministry of External Affairs,
New Delhi. (With C/L)

The Secretary to Government of India, Ministry of External Affairs, CPV
Division, Patiala House, New Delhi. (With C/L)

The Additional Director General of Police (Intelligence).

The Director of Public Relations.

The NORKA Department.

The Resident Commissioner, Kerala House, New Delhi

SF/OC.

Forwarded/By Order,

Section Officer

അനുബന്ധം: 3

-5013

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് - ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്**

സർക്കാർ ഉത്തരവ് (സാധാ) നം.454 /2012/ആഭ്യന്തരം    തീയതി, തിരുവനന്തപുരം, 16.02.2012

---

പരാമർശം: - 1. 23/09/2011 ലെ 71684/അറ്റ/11/ആഭ്യന്തരം നമ്പർ സർക്കുലർ
2. 12/12/2011 ലെ 3653/11/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ്
3. 27 ട്രാവൽ ഏജൻസിക്കാർ ചേർന്ന് നൽകിയ 19/12/2011 ലെയും 23/01/2012 ലെയും നിവേദനം.

**ഉത്തരവ്**

ആഭ്യന്തര വകുപ്പ് പൊതുജനങ്ങൾക്ക് നേരിട്ട് നൽകി വരുന്ന അറ്റസ്റ്റേഷൻ സേവനങ്ങൾ കുറ്റമറ്റതും അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി ഇടനിലക്കാർ/ഏജന്റുമാർ മുഖേന രേഖകൾ/സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നതല്ല എന്ന് പരാമർശിത സർക്കുലറിലെ 'സി' ഖണ്ഡികയിൽ നിഷ്കർഷിച്ചിരുന്നു.

സൂചന 2 ലെ സർക്കാർ ഉത്തരവ് പ്രകാരം ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇടനിലക്കാരെയും ഏജന്റുമാരെയും കർശനമായി നിരോധിച്ചുകൊണ്ട് ഉത്തരവും പുറപ്പെടുവിച്ചിരിക്കുന്നു.

പരാമർശം 1 സർക്കുലറിലെ 'സി' ക്ലോസ് ഭേദഗതി ചെയ്ത് സർട്ടിഫിക്കറ്റ് ഉടമകൾ അധികാരപ്പെടുത്തുന്ന വ്യക്തികൾ എന്ന നിലയിൽ തുടർന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകണമെന്ന് കാണിച്ച് സൂചന 3 പ്രകാരം ലഭിച്ച ട്രാവൽ ഏജന്റുമാരുടെ നിവേദനം സർക്കാർ വിശദമായി പരിശോധിച്ചു. അതോടൊപ്പം തന്നെ സൂചന 2 സർക്കാർ ഉത്തരവ് കർശനമായി നടപ്പിലാക്കുന്നത് മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ചൂണ്ടിക്കാട്ടിക്കൊണ്ടുള്ള ചില നിവേദനങ്ങളും ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 23.09.11 - ലെ സർക്കുലറിലെ 'സി' ക്ലോസ് ഭേദഗതി ചെയ്തുകൊണ്ടും സർട്ടിഫിക്കറ്റ് ഉടമകൾ അധികാരപ്പെടുത്തുന്ന വ്യക്തികൾ എന്ന നിലയിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കുന്നതിന് ഏജന്റുമാർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1.) അറ്റസ്റ്റേഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ട ഏജൻസികൾ തങ്ങളുടെ സ്ഥാപനത്തെ സംബന്ധിച്ച വിശദാംശങ്ങളും (രജിസ്ട്രേഷൻ നമ്പർ ഉൾപ്പെടെ), അറ്റസ്റ്റേഷൻ ജോലിയ്ക്ക് നിയോഗിക്കുന്നവരുടെ ലിസ്റ്റും ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ സമർപ്പിച്ചിരിക്കണം. പ്രസ്തുത ജീവനക്കാർ അറ്റസ്റ്റേഷനുമായി ബന്ധപ്പെട്ട ജോലികൾക്ക് വരുമ്പോൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് കൈവശം കരുതേണ്ടതും ആവശ്യപ്പെടുന്ന പക്ഷം പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

(2) ഒരു ഏജൻസിയ്ക്ക് ഒരു ദിവസം സമർപ്പിക്കാവുന്ന പരമാവധി അപേക്ഷകളുടെ എണ്ണം 5 ആയി നിജപ്പെടുത്തിയിരിക്കുന്നു.. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം സർട്ടിഫിക്കറ്റ് ഉടമകളുടെ അധികാര പത്രം, അറ്റസ്റ്റേഷനായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങളടങ്ങിയ ഏജൻസിയുടെ കവറിംഗ് ലറ്റർ, സർട്ടിഫിക്കറ്റ് ഉടമകൾ, ഏജന്റ് എന്നിവരുടെ ഫോൺ നമ്പർ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷകൾ നഷ്ടപ്പെടാതിരിക്കുന്നതിനായി അവ ഒരുമിച്ച് ഫോൾഡറിൽ ഇട്ട് സമർപ്പിക്കേണ്ടതാണ്.

(3) ഏജന്റുമാരുടെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും അറ്റസ്റ്റേഷൻ ജോലിയിൽ ഏതെങ്കിലും വിധത്തിൽ തടസ്സമുണ്ടാക്കുന്ന ഏജന്റുമാരെ ഈ പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കുന്നതിനും ഗവൺമെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

പരാമർശം 1, 2 എന്നിവ, മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ. ജയകുമാർ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/
സ്പെഷ്യൽ സെക്രട്ടറിമാർക്കും.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖകത്ത് സഹിതം)
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജന്റ്സ്), തിരുവനന്തപുരം.
ചീഫ് സെക്യൂരിറ്റി ഓഫീസർ, സെക്രട്ടേറിയറ്റ്.
ചീഫ് റിസപ്ഷൻ ഓഫീസർ, സെക്രട്ടേറിയറ്റ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്. – 1. അനിൽ കുമാർ.
സെഞ്ച്വർ ട്രാവൽസ്
തകരപ്പറമ്പ്, തിരുവനന്തപുരം
2. ഇസ്ഹാക്ക് മുഹമ്മദ് അലി
അസോസിയേറ്റ്
തിരൂർ, മലപ്പുറം
3. വർഗ്ഗീസ്. സി. എം.
ഈസ്റ്റ് ഇൻഡ്യ ടൂർസ് ആന്റ് ട്രാവൽസ്
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

സെക്ഷൻ ഓഫീസർ

5023 അനുബന്ധം : 4

# കേരള സർക്കാർ

## ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്

## സർക്കുലർ

നമ്പർ 71684/എ.റ്റി.റ്റി./2011/ആഭ്യന്തരം. *തിരുവനന്തപുരം, 2011 സെപ്റ്റംബർ 23.*

വിഷയം:—ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്—ജനങ്ങൾക്ക് നൽകിവരുന്ന അറ്റസ്റ്റേഷൻ സേവനങ്ങൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനുള്ള നടപടികൾ—നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

വിദേശരാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റുകൾ/രേഖകൾ പൊതുജനങ്ങൾക്ക് നേരിട്ട് സാക്ഷ്യപ്പെടുത്തി നൽകുന്നതിനുള്ള സംവിധാനമാണ് ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ആഭ്യന്തര വകുപ്പ് പൊതുജനങ്ങൾക്ക് നേരിട്ട് നൽകിവരുന്ന ടി സേവനങ്ങൾ കുറ്റമറ്റതും അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(എ) വിദേശരാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റുകൾ/രേഖകൾ സാക്ഷ്യപ്പെടുത്തി നൽകുകയാണ് ആഭ്യന്തര വകുപ്പ് ചെയ്യുന്നത്. രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് നേരിട്ട് സ്വീകരിക്കുകയും, രേഖകളുടെ വിശ്വാസ്യത പരിശോധനാ വിധേയമാക്കിയതിനുശേഷം സാക്ഷ്യപ്പെടുത്തി ഉച്ചതിരിഞ്ഞ് 3 മണിക്ക് ശേഷം വിതരണം ചെയ്യുകയും ചെയ്യും.

(ബി) സർട്ടിഫിക്കറ്റിന്റെ/രേഖയുടെ ഉടമസ്ഥൻ നേരിട്ടോ, ഏറ്റവും അടുത്ത ബന്ധു മുഖേനയോ, അപേക്ഷ നൽകേണ്ടതാണ്. സർട്ടിഫിക്കറ്റ് ഉടമസ്ഥന്റെയും അപേക്ഷകന്റെയും ഫോട്ടോ തിരിച്ചറിയൽ രേഖയുടെ പകർപ്പ് അപേക്ഷയോടും, സാക്ഷ്യപ്പെടുത്തി നൽകേണ്ടുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പിനോടുമൊപ്പം സമർപ്പിക്കേണ്ടതാണ്.

(സി) ഇടനിലക്കാർ/ഏജന്റുമാർ മുഖേന യാതൊരു കാരണവശാലും രേഖകൾ/സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നതല്ല.

ജില്ലാതല ഓഫീസർ കൗണ്ടർസൈൻ ചെയ്തശേഷം അതിന്റെ മൂന്ന് പകർപ്പുകൾ ആഭ്യന്തര വകുപ്പിൽ സമർപ്പിക്കേണ്ടതും ആയത് സ്പെഷ്യൽ ബ്രാഞ്ച് പോലീസ് മുഖേന അന്വേഷണം നടത്തി ഒറിജിനൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റു ചെയ്ത് നൽകുന്നതുമാണ്.

(എം) അറ്റസ്റ്റേഷനുമായി എത്തുന്ന പൊതുജനങ്ങൾക്ക് സെക്രട്ടേറിയറ്റ് സന്ദർശക സഹായകേന്ദ്രത്തിൽ നിന്നും രാവിലെ 10.15 മുതൽ പാസ്സ് നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി വന്നതാണെന്നതിനുള്ള തെളിവുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കുവാൻ തയ്യാറാകേണ്ടതാണ്.

പൊതുജനങ്ങൾക്ക് സുതാര്യമായും കുറ്റമറ്റ രീതിയിലും മെച്ചപ്പെട്ട സേവനം നേരിട്ട് ലഭ്യമാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച മേൽനിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ടവരെല്ലാം വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

കെ. ജയകുമാർ,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പു മേധാവികൾക്കും (എല്ലാ ജില്ലാ ഓഫീസർമാർക്കും കമ്മ്യൂണിക്കേറ്റ് ചെയ്യുന്നതിന്).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (സെക്ഷനുകൾക്കും).

<u>പകർപ്പ്</u>:—ബഹു. മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്/പ്രൈവറ്റ് സെക്രട്ടറിക്ക്.

ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

---

Vilasini
സെക്ഷൻ ഓഫീസർ